**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2950** **18-03-2022 - ൽ മറുപടിയ്ക്ക്**

**സഹസ്ര സരോവരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ ആറാം വാർഡിലുള്ള ചിറങ്ങര ചിറ സഹസ്ര സരോവരം പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും ഇനി എത്ര ശതമാനം പൂർത്തിയാകാനുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | കാഞ്ഞൂർ പഞ്ചായത്തിലെ ചിറങ്ങര കുളത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി നബാർഡിന്റെ ആർ.ഐ.ഡി.എഫ് XIX സ്കീമിൽ ഉൾപ്പെടുത്തി 97.37 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയും, ആയതുമായി ബന്ധപ്പെട്ട അധിക പ്രവൃത്തികൾ ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും നബാർഡ് അനുവദിച്ച സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവർത്തിയ്ക്ക് വേണ്ടി ഇതുവരെ 70.68 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പൂർത്തിയാകാനുള്ള പ്രവൃത്തികൾക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്ന് അറിയിക്കാമോ; | (ബി) | ചിറങ്ങര ചിറയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഉള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ടി പ്രവൃത്തിയുടെ ടെൻഡർ സേവിംഗ്സ് തുക ഉപയോഗിച്ച് ചിറയുടെ ആഴം വീണ്ടും കൂട്ടണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും ആഴം കൂട്ടുമ്പോൾ ലഭ്യമാകുന്ന മണ്ണ് സംഭരിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് സ്ഥലം ലഭിക്കാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ആർ.ഐ.ഡി.എഫ് XIX പദ്ധതിയുടെ കാലാവധി ഡിസംബർ 2019-ൽ അവസാനിച്ചതിനാൽ മേൽ പദ്ധതിയിൽ തുക ഇനി ലഭ്യമാക്കാനാവില്ല. ആഴം കൂട്ടൽ പ്രവൃത്തിക്ക് ഏകദേശം 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ചിറങ്ങറ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കാതെ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | ചിറങ്ങര ചിറയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഉള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ടി പ്രവൃത്തിയുടെ ടെൻഡർ സേവിംഗ്സ് തുക ഉപയോഗിച്ച് ചിറയുടെ ആഴം വീണ്ടും കൂട്ടണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും ആഴം കൂട്ടുമ്പോൾ ലഭ്യമാകുന്ന മണ്ണ് സംഭരിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് സ്ഥലം ലഭിക്കാത്തതിനാൽ ടി പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ആർ.ഐ.ഡി.എഫ് XIX പദ്ധതിയുടെ കാലാവധി ഡിസംബർ 2019-ൽ അവസാനിച്ചതിനാൽ മേൽ പദ്ധതിയിൽ തുക ഇനി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കാനാവില്ല. ആഴം കൂട്ടൽ പ്രവൃത്തിക്ക് ഏകദേശം 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തിയിൽ അവശേഷിക്കുന്ന ജോലികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | പ്രൊപ്പോസൽ ലഭിക്കുന്ന അവസരത്തിൽ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ